**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6713** **21-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷയിൽ പ്രത്യേക അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ബി1/240/2019/G.Edn കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേകാനുമതി നൽകിയ, കിഴിശ്ശേരി ഗണപത് എ.യു.പി. സ്കൂളിലെ അദ്ധ്യാപകനായ ശ്രീ.എൻ. ഹരിഭാസന്റെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ ബി3/607/2022/G.Edn. കത്ത് പ്രകാരം നിരസിച്ചതിന്റെ കാരണം വിശദമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ മലപ്പുറം കിഴിശ്ശേരി ഗണപത് എ.യു.പി. സ്കൂളിലെ അദ്ധ്യാപകനായ ശ്രീ.എൻ. ഹരിഭാസന്റെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷയ്ക്ക് ബ1/240/ 2019/പൊ.വി.വ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേകാനുമതി നൽകിയിട്ടില്ല. അപേക്ഷകൻ ചികിത്സ തേടിയ കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ആശുപത്രി, സർക്കാർ ജീവനക്കാരുടെയോ ആശ്രിതരുടേയോ ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്യുന്നതിന് സർക്കാർ അംഗീകൃതമല്ലാത്തതിനാലാണ് പ്രസ്തുത അപേക്ഷ 08/10/2022-ലെ പി3/607/2022/ പൊ.വി.വ കത്ത് പ്രകാരം നിരസിച്ചത്. |
| (ബി) | പ്രസ്തുത അപേക്ഷ പുനഃപരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | 12/06/2020-ലെ 34/2020/ധന പരിപത്രം പ്രകാരം സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നിലപാട് അനുസരിച്ച് സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ അല്ലാതെ ചികിത്സ തേടുന്ന കേസുകളിൽ ചികിത്സാ തുക പ്രതിപൂരണം ചെയ്തു നൽകുന്നത് പരിഗണനാർഹമല്ലെന്ന് നിഷ്കർഷിച്ചിരിക്കുന്നു. പ്രസ്തുത പരിപത്രം പുറപ്പെടുവിക്കുന്നതിനു മുമ്പുള്ള കാലയളവിലെ ചികിത്സ ആണെങ്കിലും പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ